PH. 8078920247
malayalammissionkerala01@gmail.com
malayalammission@kerala.gov.in

എവിടെയെല്ലാം മലയാളി അവിടെയെല്ലാം മലയാളം

നമ്പർ 1073/2020/മ.മി.

തീയതി: 10.06.2020

ഡയറക്ടർ

എല്ലാ ചാപ്റ്റർ, മേഖലാ ഭാരവാഹികൾക്കും

മാന്യരേ,

വിഷയം: മലയാളം മിഷൻ കേരള സർക്കാർ - ഓൺലൈൻ പ്രവേശ നോത്സവം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്

മേൽവിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. മലയാളം മിഷൻ ചാപ്റ്റർ/മേഖലകളിൽ പ്രവേശനോത്സവം നടക്കേണ്ട സമയമാണല്ലോ ഇത്. എന്നാൽ കോവിഡ് 19 ന്റെ സാഹചര്യത്തിൽ നിയന്ത്രണങ്ങൾ തുടരുന്നതിനാൽ പഠനകേന്ദ്രങ്ങളിൽ പ്രവേശനോത്സവം സംഘടിപ്പിക്കുന്നതിൽ നിരവധി പരിമിതികളുണ്ട്. അതിനാൽ പ്രവേശ നോത്സവം ഓൺലൈൻ മുഖാന്തിരം നടത്തുന്നതിന് താങ്കൾ മുൻകൈയെടുക്കണമെന്ന് അഭ്യർഥിക്കുന്നു. അതിന്റെ മുന്നൊരുക്കങ്ങൾക്കായി ചില നിർദ്ദേശങ്ങൾ നൽകുകയാണ്. ഇതിനു പുറമെ തനതായ പരിപാടികൾ അതാത് മേഖലകൾക്ക് ആസൂത്രണം ചെയ്യാവുന്ന താണ്.

**മുന്നൊരുക്കങ്ങൾ**

1) ജൂൺ 15 മുതൽ ജൂലൈ 15 വരെ പ്രവേശനോത്സവ മാസമായി നടത്താവു ന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ചാപ്റ്റർ സെക്രട്ടറിമാർ, മേഖലാ കോ-ഓർഡി നേറ്റർമാർ മുഖേന നവമാധ്യമങ്ങളിലൂടെ ആകർഷകമായ പരിപാടിയെ സംബന്ധിച്ച് അറിയിപ്പ് നൽകണം.

2) അതാതിടങ്ങളിലെ അക്കാദമിക് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓൺലൈൻ പ്രചരണ പരിപാടികൾ സംഘടിപ്പിക്കണം. ഇതിനായി പ്രചരണ പോസ്റ്റർ, നോട്ടീസ്, മറ്റു തരത്തിലുള്ള അറിയിപ്പുകൾ എന്നിവ സമൂഹ മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ പഠനോ ത്സവങ്ങളിൽ മികച്ച വിജയം നേടിയ കുട്ടികളുടെ ഫോട്ടോകൾ കൊളാ ഷായി അവതരിപ്പിക്കാനും അവസരമുണ്ട്.

3) ഓരോ മേഖലകളിലും നടക്കുന്ന, പഠനകേന്ദ്രങ്ങളുമായി ബന്ധപ്പെട്ട സവിശേഷ പ്രവർത്തനങ്ങൾ പരസ്യത്തിൽ പ്രദർശിപ്പിക്കാവുന്നതാണ്. പ്രവേശനത്തിനായി ഒരു നിശ്ചിത അപേക്ഷഫോറം തയ്യാറാക്കി ഓൺലൈനായി രക്ഷിതാക്കളെ അറിയിക്കണം. മലയാളം മിഷൻ നടത്തുന്ന റേഡിയോ മലയാളം, പൂക്കാലം, ഭൂമിമലയാളം എന്നിവയെക്കുറിച്ചുള്ള അറിയിപ്പുകളും ഇതിലുൾപ്പെടുത്തേണ്ടതാണ്.

4) ജൂലൈ 15 നകം പ്രവേശനം പൂർത്തിയായി കഴിഞ്ഞാൽ ഓരോ പഠനകേന്ദ്രത്തിലും ചേർന്ന കുട്ടികളുടെ വിശദാംശങ്ങൾ ഓൺലൈനായിത്തന്നെ അതത് മേഖലകൾ/ചാപ്റ്ററുകൾ മുഖേന രജിസ്ട്രേഷൻ നടപടികൾക്കായി മലയാളം മിഷനിലേക്ക് മെയിൽ ചെയ്യേണ്ടതാണ്.

5) പ്രവേശന നടപടികൾ പൂർത്തിയായ ശേഷം ജൂലൈ 15 നും 30 നും ഇടയ്ക്ക് മേഖല/ചാപ്റ്റർ പ്രവേശനം നേടിയ കുട്ടികളുടെ വിശദാംശങ്ങൾ പ്രസിദ്ധീകരണം.

6) അതത് പ്രദേശങ്ങളിലെ സാധ്യതകൾ അനുസരിച്ച് നവമാധ്യമങ്ങൾ ഉപയോഗിച്ച് ഓൺലൈൻ പ്രവേശനം ശ്രദ്ധേയമായിത്തീർക്കുന്നതിൽ പ്രത്യേകം പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്.

7) എല്ലാ ചാപ്റ്ററുകൾ/മേഖലകളും കഴിയുന്നത്ര പുതിയ പഠനകേന്ദ്രങ്ങൾ ആരംഭിക്കണം. എല്ലാ ചാപ്റ്റർ, മേഖലാ പഠനകേന്ദ്രങ്ങളും സ്വന്തം വാട്സാപ്പ് ഗ്രൂപ്പുകൾ ആരംഭിക്കണം.

8) റേഡിയോ മലയാളത്തിന് പ്രത്യേകം വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിക്കണം.

9) ഓരോ ചാപ്റ്ററിനും സോഷ്യൽ മീഡിയാ പേജ് ഉണ്ടാക്കണം.

വിശ്വസ്തതയോടെ,

പ്രൊഫ. സുജ സൂസൻ ജോർജ്ജ്
ഡയറക്ടർ